**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** **09-08-2023 - ൽ മറുപടിയ്ക്ക്**

**വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങൾക്കും പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസമാഹരണത്തിന് വായ്പ എടുക്കുന്നതിനായി സർക്കാർ ഗ്യാരന്റി നൽകുന്നുണ്ടോ; വിശദമാക്കുമോ; | (എ) | 2003 -ലെ കേരള ഗവണ്മെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് 2 (ബി) പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ സഹകരണ സ്ഥാപനങ്ങൾ എന്നിവക്ക് വിവിധ ധനകാര്യസ്ഥാപനങ്ങൾ/ ദേശീയ ഏജൻസികൾ, എന്നിവയിൽ നിന്നും വായ്പ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകാറുണ്ട്. |
| (ബി) | സർക്കാർ സ്ഥാപനങ്ങൾക്ക് വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിക്കുന്നതും ആയതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളാണ്. നിലവിൽ വിദേശ വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ ലഭ്യമല്ല. |
| (സി) | വിദേശ വായ്പയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിച്ച് പുറത്തിറക്കിയ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് സർക്കാർ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി നൽകുന്നില്ലെന്ന തരത്തിലുള്ള വാർത്ത പ്രചരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശ വായ്പകൾ കേന്ദ്ര സർക്കാർ മുഖാന്തിരം മാത്രമാണ് സ്വീകരിക്കുവാൻ സാധിക്കുന്നത്. Back to Back basis -ൽ കേന്ദ്ര സർക്കാർ അന്തിമ ഉണഭോക്താവ്/നിർവ്വഹണ ഏജൻസികൾക്ക് - ലഭ്യമാക്കുന്ന ധനസഹായം സംബന്ധിച്ച പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലെ Department of Economic Affairs ആണ്. അതേസമയം വായ്പയായി വിദേശ ധനസഹായം നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്ന കേസുകളിൽ അത്തരം വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച terms and conditions നിശ്ചയിച്ച് |

| | | | |
|---|---|---|---|
| | | | 25/06/2023-ലെ സ.ഉ. (കൈ) നം. 101/23/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ